## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.T.4239 03.02.2014 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള ശുപാർശകളിലെ സംവരണം

ചോദ്യം | ഉത്തരം

**ശ്രീ.എം.വി.ശ്രേയാംസ് കുമാർ**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്കായി ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുമ്പോൾ സംവരണം മാനദണ്ഡങ്ങൾ പാലിക്കാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പിന്നോക്ക സമുദായങ്ങളുടെ കാര്യത്തിലെ സംവരണ ക്രമം, സംവരണ ശതമാനം എന്നിവ വ്യക്തമാക്കുമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് 100 പോയിന്റ് സംവരണ ക്രമമാണ് പാലിച്ചു വരുന്നത്. ക്ലാസ് -3 തസ്തികകളിലും ക്ലാസ് -4 തസ്തികകളിലും പിന്നോക്ക സമുദായങ്ങൾക്ക് നൽകി വരുന്ന സംവരണക്രമവും (ടേണുകൾ) സംവരണ ശതമാനവും അനുബന്ധമായി കൊടുക്കുന്നു. |
| (സി) | നിയമനങ്ങൾക്ക് ശുപാർശ ചെയ്ത പിന്നോക്ക വിഭാഗങ്ങൾക്ക് അതിൻ പ്രകാരം നിയമനം ലഭിയ്ക്കാതെ വന്നാൽ അത്തരം ഉദ്യോഗാർത്ഥികളുടെ തുടർ സംവരണ ക്രമം എപ്രകാരമാണെന്ന് അറിയിക്കുമോ? | (സി) | നിലവിലെ സംവരണക്രമം പാലിച്ച് ഒഴിവുകൾ ബുക്ക് ചെയ്യുമ്പോൾ ഏതെങ്കിലും സംവരണ വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാൽ തൊട്ടടുത്ത സംവരണ വിഭാഗത്തിന് ടി ഒഴിവ് ഡീറിസർവ്വ് ചെയ്ത് നൽകുകയും ഉദ്യോഗദായകൻ വീണ്ടും അതേ ഒഴിവ് അറിയിക്കുമ്പോൾ അവസരം നഷ്ടപ്പെട്ട വിഭാഗത്തിന് ആ അവസരം മടക്കി നൽകി സംവരണക്രമം ക്രമീകരിക്കുകയും ചെയ്ത് വരുന്നു . |

സെക്ഷൻ ഓഫീസർ